# പതിനാലാം കേരള നിയമസഭ

## ഏഴാം സമ്മേളനം

## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2044

## (16.08.2017 ലെ മറുപടിക്ക്)

## കരാറുകാർ നൽകേണ്ട ജി.എസ്.ടി

| | ചോദ്യം | ഉത്തരം |
|---|---|---|
| | ശ്രീ. പി.ടി.എ. റഹീം | ഡോ. തോമസ് ഐസക്<br>(ബഹു. ധനകാര്യവും കയറും വകുപ്പ് മന്ത്രി) |
| (എ) | ജി.എസ്.ടി നടപ്പിലാക്കിയതോടെ വിവിധ വകുപ്പുകളിലെ ഭരണാനുമതി ലഭ്യമാക്കിയ പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നതായ വിഷയം സർക്കാരിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ; | പ്രവൃത്തികൾ ഏറ്റെടുക്കുന്നതിൽ കരാറുകാർ വിമുഖത കാണിക്കുന്നതായി ഭരണവകുപ്പ്/ വകുപ്പുകൾ ചൂണ്ടിക്കാട്ടിയിട്ടില്ല. എന്നാൽ കരാറുകാർക്ക് ചില അവ്യക്തതകൾ നിലവിലുണ്ട് എന്ന കാര്യം ശ്രദ്ധയിൽപ്പെടുകയും അത് പരിഹരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരികയും ചെയ്യുന്നു. |
| (ബി) | ഇക്കാര്യം പരിഹരിക്കുന്നതിന് സ്വീകരിച്ചു വരുന്ന നടപടികൾ വിശദമാക്കാമോ; | ജി.എസ്.ടി യെ സംബന്ധിച്ച് കരാറുകാരുടെ അവ്യക്തതകൾ പരിഹരിക്കുന്നതിനായി ചരക്ക് സേവന നികുതി വകുപ്പ് അഡ്വൈസറി പുറപ്പെടുവിച്ചിട്ടുണ്ട്. |
| (സി) | കരാറുകാർ നൽകേണ്ട ജി.എസ്.ടി. എത്ര ശതമാനമാണ്; | ജി.എസ്.ടി നിയമപ്രകാരം പൊതുവെ കരാർപണികൾക്കുള്ള നികുതി നിരക്ക് 18% ആണ്. ഇത് സ്ഥാവര വസ്തുക്കളുമായി ബന്ധപ്പെട്ട പ്രവൃത്തികൾക്കുള്ള നികുതിയാണ്. അല്ലാതെയുള്ള ഇലക്ട്രിക്കൽ എയർ കണ്ടീഷനിംഗ് സമാനരീതിയിലുള്ള പ്രവൃത്തികൾക്ക് അത് കോമ്പോസിറ്റ് സപ്ലൈ ആയതിനാൽ 28% ആണ് നികുതി നിരക്ക്. വാറ്റ് നിയമത്തിലുണ്ടായിരുന്നതു പോലെയുള്ള TDS സമ്പ്രദായം(മൊത്തം നികുതി അവാർഡർ TDS ആയി കുറച്ച് സർക്കാരിന് ലഭിക്കുന്ന രീതി) ജി.എസ്.ടിയിൽ ഇല്ല. ഒരു മൊത്തം പ്രവർത്തിയുടെ തുക 2.5 ലക്ഷത്തിനു മുകളിലാണെങ്കിൽ അവാർഡർ 2% നികുതി (1% CGST & 1% SGST) എന്ന നിലയിൽ TDS പിടിച്ച് റിട്ടേൺ ഫയൽ ചെയ്യേണ്ടതാണ്. അത് കരാറുകാരന് GST നികുതി അടയ്ക്കുമ്പോൾ ഇൻപുട്ട് ആയി എടുക്കാവുന്നതാണ്. കൂടാതെ കോൺട്രാക്ടർമാർക്ക് അവർ സാധനങ്ങൾ വാങ്ങുമ്പോൾ നൽകുന്ന |

| | | |
|---|---|---|
| | | നികുതി, അടയ്ക്കേണ്ട നികുതിയുമായി തട്ടിക്കിഴിക്കാവുന്നതാണ്. ഇരുപതാം ജി.എസ്.ടി കൗൺസിൽ സർക്കാർ കരാറുകളുടെ നികുതി 12% ആക്കാൻ ശുപാർശ ചെയ്തിട്ടുണ്ട്. |
| (ഡി) | മെറ്റീരിയൽസിന്റെ നികുതികൾ നേരത്തെതന്നെ അടച്ച സാഹചര്യത്തിൽ സർവ്വീസിന് മാത്രമാണോ ജി.എസ്.ടി ബാധകമാവുക; അടക്കുന്ന ജി.എസ്.ടി കരാറുകാർക്ക് തിരികെ നൽകാൻ വ്യവസ്ഥയുണ്ടോ? | ജി.എസ്.ടി യിൽ കരാർ തുകയ്ക്ക് അടയ്ക്കേണ്ടുന്ന നികുതി അത്തരം പ്രവൃത്തികൾക്ക് ഉപയോഗിക്കുന്നതിനായി വാങ്ങിയ ചരക്കുകളുടേയും സേവനങ്ങളുടേയും നികുതി തട്ടിക്കിഴിച്ചശേഷമുള്ളതാണ്. ജി.എസ്.ടി യിൽ കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കാൻ കരാറുകാർക്ക് വ്യവസ്ഥയില്ലാത്തതിനാൽ അവർക്ക് മുഴുവൻ ഇൻപുട്ട് ടാക്സിന്റെയും ക്രഡിറ്റ് ലഭ്യമാകുന്നതാണ്. |

**സെക്ഷൻ ഓഫീസർ**